പൂജ്യം മുതൽ ഒൻപതുവരെയുള്ള അക്കങ്ങൾ കൊണ്ടാണ് നാം അനന്തകോടി സംഖ്യകളുണ്ടാക്കുന്നത്. എന്തിനേറെ ആധുനികകാലത്തെ സർവ്വശക്തനായ കമ്പ്യൂട്ടറിന്റെ ഭാഷ പോലും പൂജ്യം കൊണ്ടും ഒന്നുകൊണ്ടും നിർമ്മിക്കപ്പെട്ടതാണെന്ന് ആർക്കാണറിയാത്തത്. ഇത്തരം ഉദാഹരണങ്ങളെത്ര വേണമെങ്കിലുമുണ്ട്. പ്രപഞ്ചത്തിന്റെ സങ്കീർണ്ണത അതിന്റെ തന്നെ ലളിതമായ അടിസ്ഥാനരൂപങ്ങളിൽ നിന്നുള്ള ക്രമാനുഗതമായ വളർച്ചയാണ്. ഇതാണ് നമുക്ക് പ്രപഞ്ചത്തിൽ നിന്ന് പഠിയ്ക്കാനുള്ള ഒരു പാഠം.



■ ശിവദാസൻ എ.കെ

# പ്രപഞ്ചപാഠം

ബുദ്ധമതഗ്രന്ഥമായ സുത്തപിടകത്തിലെ മദ്ധിമനികായത്തിലുൾപ്പെടുന്ന അംഗുലീമാല സുത്തം അംഗുലീമാല എന്ന കൊള്ളക്കാരനെക്കുറിച്ചാണ്.കോസലരാജ്യത്തേക്കുള്ള പാതക്കരികിലെ കൊടും കാട്ടിലായിരുന്നു അയാളുടെ താവളം. താൻ കൊന്നു കൂട്ടിയ ആളുകളുടെ വിരലുകൾ ശേഖരിച്ച് മാലയായി അണിഞ്ഞതിനാലാണ് അയാൾക്ക് ആ പേര് കിട്ടിയത്.അംഗുലീമാലയെക്കുറിച്ചറിഞ്ഞ ഭഗവാൻ ബുദ്ധൻ ആരും പോകാൻ ഭയക്കുന്ന വഴിയെ പോകാൻ തീരുമാനിച്ചു. ബുദ്ധനെ കണ്ട് ആക്രമിക്കാനടുത്ത അംഗുലീമാലക്ക് എത്ര ശ്രമിച്ചിട്ടും അദ്ദേഹത്തിനൊപ്പമെത്താനായില്ലത്രേ.ഇതേക്കുറിച്ച് ഉത്കണ്ഠപ്പെട്ട അംഗുലീമാലയോട് താൻ നിൽക്കുകയാണ് എന്നായിരുന്നു ബുദ്ധന്റെ മറുപടി. തനിക്കൊപ്പമെത്താൻ ഹിംസ നിർത്തേണ്ടതുണ്ട്. ബുദ്ധന്റെ ദിവ്യശക്തിയിൽ സ്തബ്ധനായി അയാൾ ബുദ്ധശിഷ്യനായി എന്നതാണ് കഥ.

1974 ൽ ഇന്ത്യ പൊഖ്റാനിൽ നടത്തിയ അണുപരീക്ഷണത്തിന് Budha Smilesഎന്ന രഹസ്യനാമം ഇടാനിടയായതിനെപ്പറ്റി ഡോ. രാജ് ചെങ്കപ്പ തന്റെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. അതിൽ മറ്റൊരു കഥയാണദ്ദേഹം സൂചിപ്പിക്കുന്നത്. ശ്രീബുദ്ധനെക്കണ്ട് പാഞ്ഞടുത്ത അംഗുലീമാല പുഞ്ചിരിച്ചുകൊണ്ട് നിൽക്കുന്ന ബുദ്ധനെയാണ് കണ്ടത്. തന്റെ കാൽക്കൽ വീണ് ജീവനുവേണ്ടി യാചിക്കുന്നവരെ മാത്രം കണ്ടു പരിചയമുള്ള കൊള്ളക്കാരന് ഇത് പുതിയ അനുഭവമായിരുന്നു. മഹാശക്തനാണ് താനെന്നവകാശപ്പെട്ട അംഗുലീമാലയോട് തൊട്ടടുത്ത മരത്തിൽ നിന്ന് ഒരില പറിച്ചുനൽകാൻ ബുദ്ധൻ ആവശ്യപ്പെട്ടത്രേ. ഇല മാത്രമല്ല ഒരു മരം തന്നെ പിഴുതുമാറ്റാനാകുമെന്ന് പറഞ്ഞ് അംഗുലീമാല നൽകിയ ഇല തിരികെ മരത്തിൽത്തന്നെ പുനസ്ഥാപിക്കാൻ ബുദ്ധൻ ആവശ്യപ്പെട്ടു. ആ ഒരു നിമിഷത്തിൽ താൻ എത്രയോ നിസ്സാരനെന്ന യാഥാർത്ഥ്യം അയാൾ തിരിച്ചറിഞ്ഞു. ഭഗവാനെ നമസ്കരിച്ച അംഗുലീമാല അങ്ങനെ ശിഷ്യനായിത്തീർന്നു എന്നതാണ് ഈ കഥ. ഇതിൽ ഏത് വാസ്തവം, അല്ലാത്തത് ഏത് എന്ന് നമുക്കറിയില്ല. പ്രകൃതിയിലെ എത്രയോ നിസ്സാരമായ കാര്യ



ങ്ങൾക്ക് മുമ്പിലും മനുഷ്യൻ എത്ര നിസ്സഹായനാണെന്ന് ബോദ്ധ്യപ്പെടുത്താൻ ഇതിലും നല്ലൊരു കഥയില്ല. എങ്കിൽ അണുബോംബു പരീക്ഷിച്ച് ആണവക്ലബ്ബിലേക്ക് അംഗത്വമെടുക്കാൻ കാത്തിരിക്കുന്ന ഒരു രാജ്യത്തിന്റെ സംരംഭത്തെ യഥാർത്ഥ മനുഷ്യാവസ്ഥ ഓർമ്മിപ്പിക്കുന്ന ഈ കഥയുമായി ബന്ധപ്പെടുത്തി ഗൂഢമായെങ്കിലും ഈ പേരിട്ടതിന്റെ ഭാവന അപാരം തന്നെ.

അനന്തം, അജ്ഞാതം, അവർണ്ണനീയം. യശ്ശശരീരനായ മഹാകവി നാലപ്പാട്ടു നാരായണമേനോൻ പ്രപഞ്ചത്തെ വിശേഷിപ്പിച്ച് തുടങ്ങുന്നത് ഇങ്ങനെയാണ്.അതിന്റെ ഒരു കോണിൽ എത്രയോ അപ്രധാനിയായി കഴിഞ്ഞുപോകുന്ന മനുഷ്യന് ഒരു കഥയും അറിയില്ല എന്ന പരമാർത്ഥം നാലുവരി കവിതയിലൂടെ അദ്ദേഹം ഭംഗിയായി അവതരിപ്പിക്കുന്നു. എന്നാൽ, ഇത്രമേൽ സങ്കീർണ്ണമായ വിശ്വപ്രപഞ്ചത്തിന്റെ പല വസ്തുതകളുടെയും അടിസ്ഥാനം എത്രയോ ലളിതമാണ് എന്നതാണ് ഇതിന്റെയൊരു മറുവശം. ലോകത്തിലെ എഴുനൂറുകോടിയിൽപ്പരം മനുഷ്യനെയും വേർതിരിക്കുന്നത് മനുഷ്യജീനുകളിലെ കേവലം നാല് നൈട്രജൻ ബേസുകളുടെ വ്യത്യസ്ത രാസബന്ധങ്ങളാണ് എന്ന് ജനിതകശാസ്ത്രജ്ഞർ പറയുന്നു.

പൂജ്യം മുതൽ ഒൻപതുവരെയുള്ള അക്കങ്ങൾ കൊണ്ടാണ് നാം അനന്തകോടി സംഖ്യകളുണ്ടാക്കുന്നത്. എന്തിനേറെ ആധുനികകാലത്തെ സർവ്വശക്തനായ കമ്പ്യൂട്ടറിന്റെ ഭാഷ പോലും പൂജ്യം കൊണ്ടും ഒന്നു കൊണ്ടും നിർമ്മിക്കപ്പെട്ടതാണെന്ന് ആർക്കാണറിയാത്തത്. ഇത്തരം ഉദാഹരണങ്ങളെത്ര വേണമെങ്കിലുമുണ്ട്. പ്രപഞ്ചത്തിന്റെ സങ്കീർണ്ണത അതിന്റെ തന്നെ ലളിതമായ അടിസ്ഥാനരൂപങ്ങളിൽ നിന്നുള്ള ക്രമാനുഗതമായ വളർച്ചയാണ്. ഇതാണ് നമുക്ക് പ്രപഞ്ചത്തിൽ നിന്ന് പഠിയ്ക്കാനുള്ള ഒരു പാഠം. നൂറു പടികളുള്ള ഒരു മലയുടെ താഴെ ഒരു പടിപോലും കയറാതെ ഇതെങ്ങനെ താണ്ടാം എന്ന് പകച്ചുനിൽക്കുമ്പോൾ ഓർക്കേണ്ടത് പത്ത് പടി കയറുന്നവർക്ക് തൊണ്ണൂറു പടികൾ മാത്രമാണ് ബാക്കി എന്നതാണ്. തൊണ്ണൂറ്റിഒൻപതു പടിയും കയറിയവർക്ക് ഒറ്റ കാൽവയ്പ്പു കൊണ്ടു തന്നെ അത് താണ്ടാൻ കഴിയുന്നു. ക്ഷമാപൂർവ്വമായ സാധന ഒന്നുകൊണ്ടു മാത്രമാണ് വലിയ വിജയങ്ങളിലേക്കെത്താൻ സാധിക്കുന്നത്.

ജീവിതത്തിലെ പല രംഗത്തും വിജയിക്കുന്നവരോട് അറിഞ്ഞോ അല്ലാതെയോ നാം അസൂയപ്പെടാറുണ്ട്. ഈ വിജയം തങ്ങൾക്കസാധ്യമാണ് എന്നവർ കരുതുന്നു. അവർക്കിപ്പോൾ അവൻ അല്ലെങ്കിൽ അവൾ നൂറു പടി താണ്ടിയ ആളാണ്. അപ്പോൾ മാത്രമേ നാമവരെ ശ്രദ്ധിക്കുന്നുള്ളൂ. പക്ഷേ, അവർ ഓരോ പടിയും താണ്ടി നമുക്ക് മുന്നിൽത്തന്നെയുണ്ടായിരുന്നു. നാമത് കണ്ടില്ല എന്നു മാത്രം. കാണുമ്പോൾ അവർ ഒറ്റയടിക്ക് നേട്ടത്തിന്റെ കൊടുമുടിയിലെത്തി എന്ന് തെറ്റിദ്ധരിക്കപ്പെടുന്നു. ഒരു സൂപ്പർകമ്പ്യൂട്ടറിന്റെ ശക്തി നമുക്ക് സങ്കൽപ്പിക്കാൻ പോലുമാകില്ല. പക്ഷേ, അത് കാലങ്ങളിലൂടെ വളർന്നു വന്നതാണ്. ചൈനീസ് വിദ്യയായ അബാക്കസ് ആണ് ആധുനിക കമ്പ്യൂട്ടറിന്റെ പ്രാഥമികരൂപം എന്നാണ് കമ്പ്യൂട്ടർ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നത്. ഒന്നും ഒരു സുപ്രഭാതത്തിൽ അജയ്യമാകുന്നില്ല. എല്ലാം ക്രമാനുഗതവും,നിരന്തരവുമായ പ്രവർത്തനങ്ങളുടെ കൂടിച്ചേരലാണ്. വിജയം യാദൃശ്ചികമായി കൈയ്യിൽത്തടയുന്ന ഒരു മുത്തല്ല. പ്രയത്നശാലിക്ക് കൈവരുന്ന അർഹമായ പ്രതിഫലമാണ്.